അനാഥശാലകൾക്ക് ഉള്ള ഗ്രാന്റ്

34 (607) ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അനാഥശാലകൾക്ക് നൽകി വരുന്ന ഗ്രാന്റ് കുടിശ്ശികയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം അനാഥശാലകൾക്ക് എത്ര രൂപവീതം കൊടുക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) എപ്പോൾ കൊടുക്കും ;

(ഡി) അനാഥശാലകൾക്ക് നൽകി വരുന്ന ഗ്രാന്റ് അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതു വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്

(സി) ഫണ്ട് ലഭ്യമാക്കുന്നമുറയ്ക്ക് നൽകുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ ഇക്കാര്യം പരിഗണിക്കുന്നതാണ്.

വിവിധ വകുപ്പുകളിലെ വികലാംഗരുടെ ഒഴിവുകൾ

35 (608) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിൽ വികലാംഗരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) ഈ ഒഴിവുകളിൽ 1995 മുതൽ 2000 വരെയുള്ള കാലയളവിൽ എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട് ;

(സി) നിലവിലുള്ള ഒഴിവുകളിൽ 1998-2000 കാലയളവിൽ താൽക്കാലികമായി ജോലി ചെയ്ത വികലാംഗരെ സ്ഥിരപ്പെടുത്തുന്നതിനെക്കുറിച്ച് ഇവരുടെ സംഘടനയുമായി ചർച്ച ചെയ്തിട്ടുണ്ടോ ;

(ഡി) ഇവരെ നിയമിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകളിൽ സർക്കാർ അനുകൂലമായ ഉറപ്പ് എന്തെങ്കിലും നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ ഇവരെ നിയമിക്കുന്നതിനെക്കുറിച്ച് ഒരനുകൂല ഉത്തരവ് എത്രയും വേഗം പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ & ബി) വികലാംഗർക്ക് നേരിട്ടു തൊഴിൽ നൽകുന്ന പദ്ധതി പ്രകാരം സംസ്ഥാന സർക്കാരിന്റെ കീഴിൽ 1995 മുതൽ 1677 ഒഴിവുകളാണ് സംവരണം ചെയ്തിട്ടുള്ളത്. ഇവയിൽ 2000 വരെ കോട്ടയം, എറണാകുളം, ജില്ലകളിൽ ഒഴികെ മറ്റു ജില്ലകളിലായി 394 ഒഴിവുകൾ നികത്തിയിട്ടുണ്ട്. കോട്ടയം, എറണാകുളം ജില്ലകളിലെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഉണ്ട്

(ഡി) ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് ഉറപ്പ് നൽകിയിരുന്നു.

(ഇ) ഇക്കാര്യം സർക്കാർ പരിഗണിച്ചു വരികയാണ്.

വികലാംഗരുടെ ക്ഷേമത്തിനായി നടപടി

36 (609) ശ്രീ. എ. കണാരൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തെ വികലാംഗരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ വികലാംഗരുടെ ക്ഷേമത്തിനായി 1995-ലെ കേന്ദ്ര നിയമം സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ ; എങ്കിൽ വിശദാശം വെളിപ്പെടുത്തുമോ ;

(സി) ഇതിനായി പ്രത്യേക കമ്മീഷണറേറ്റ് രൂപീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്തെ വികലാംഗരുടെ ക്ഷേമത്തിനായി എന്തെങ്കിലും പദ്ധതി കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) രക്ഷിതാക്കളും കേൾവിക്കുറവുള്ള കുട്ടികളുമായി സ്വാഭാവികമായ പരസ്പരബന്ധവും സംഭാഷണവും വഴിയുള്ള ഒരു ആശയ വിനിമയ രീതി കെട്ടിപ്പടുക്കുന്നതിന് എന്തെങ്കിലും പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly